"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്- പട്ടികജാതി വിഭാഗത്തിലുള്ള യുവതീയുവാക്കൾക്ക് അപ്രന്റീസ് നഴ്സ്, പാരാമെഡിക്കൽ അപ്രന്റീസ് നിയമനം-തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി )വകുപ്പ്**

സ.ഉ.(സാധാ) നം.113/2024/SCSTD    തീയതി,തിരുവനന്തപുരം, 06-03-2024

---

പരാമർശം:-    1. സ.ഉ(സാധാ )നം.60/2024/SCSTDD തീയതി 21.02.2024.

**<u>ഉത്തരവ്</u>**

പാലക്കാട്, തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, മലപ്പുറം എന്നീ 5 ജില്ലകളിലുൾപ്പെടുന്ന കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, താലൂക്ക് ഹോസ്പിറ്റൽ / താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, ജനറൽ ഹോസ്പിറ്റൽ, ജില്ലാ ഹോസ്പിറ്റൽ & പാലക്കാട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട നഴ്സിംഗ് ബിരുദ / ഡിപ്ലോമ ധാരികളായ 300 യുവതി യുവാക്കളെ അപ്രന്റീസ് നഴ്സായും Directorate of Medical Education അംഗീകരിച്ച മെഡിക്കൽ കോഴ്സുകൾ പാസായ 100 യുവതീ യുവാക്കളെ പാരാമെഡിക്കൽ അപ്രന്റിസായും നിയമിക്കുന്നതിനും ഇവരുടെ ഓണറേറിയം, യൂണിഫോം അലവൻസ് എന്നീ ഇനങ്ങളിലായി ഒരു വർഷത്തേക്ക് 8,00,00,000/-രൂപ (എട്ടു കോടി രൂപ മാത്രം )2225-01-800-57 Corpus Fund (Plan) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനും, പൈലറ്റ് പദ്ധതി എന്ന നിലയിൽ 5 ജില്ലകളിൽ ഈ സാമ്പത്തിക വർഷം നടപ്പിലാക്കണമെന്നും അടുത്ത സാമ്പത്തിക വർഷം മറ്റു ജില്ലകളിലേക്ക് കൂടി വ്യാപിപ്പിക്കണമെന്നുമുള്ള നിബന്ധനയോടെ, ഭരണാനുമതി നൽകികൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു .

2. മേൽ സൂചിപ്പിച്ചിരിയ്ക്കുന്ന അപ്രന്റീസ് നഴ്സ്, പാരാമെഡിക്കൽ അപ്രന്റീസ് എന്നിവരുടെ നിയമനരീതി, സേവന കാലാവധി, സേവന വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് ചുവടെ ചേർത്തിരിയ്ക്കുന്ന തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു :-

**<u>1. അപ്രന്റീസ് നഴ്സ്</u>**

**<u>നിയമനരീതി</u>**

വിദ്യാഭ്യാസ യോഗ്യത - BSc നഴ്സിംഗ് അല്ലെങ്കിൽ ജനറൽ നഴ്സിംഗ് (GNM )
പ്രായപരിധി - 21-35
ഓണറേറിയം - BSc നഴ്സിംഗ്- 18000 /- (പ്രതിമാസം )
GNM -15000/- (പ്രതിമാസം )

1 . **വിജ്ഞാപനം** - പത്രപരസ്യം മുഖേന ഓരോ ജില്ലയിലും BSc Nursing /GNM

പൂർത്തിയാക്കിയവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു .

2 . **അഭിമുഖം** - ഓരോ ജില്ലയിലും യോഗ്യരായ ഉദ്യോഗാർത്ഥികളുടെ പട്ടിക തയ്യാറാക്കി ജില്ലാതല ഇന്റർവ്യൂ ബോർഡ് രൂപീകരിച്ച് അഭിമുഖം നടത്തുന്നു. ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ, ജില്ലാ നഴ്സിംഗ് ഓഫീസർ, ഗവ.നഴ്സിംഗ് സ്കൂൾ പ്രിൻസിപ്പൽ എന്നിവരടങ്ങുന്ന സമിതിയാണ് അഭിമുഖം നടത്തുന്നത്.

3. BSc നഴ്സിംഗ് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ പൂർണ്ണമായി പരിഗണിച്ച ശേഷമായിരിക്കും ജനറൽ നഴ്സിംഗ് (GNM) യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ പരിഗണിക്കുക.

**നിയമിക്കപ്പെടുന്ന സ്ഥാപനവും എണ്ണവും** - പാലക്കാട്, തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, മലപ്പുറം എന്നീ 5 ജില്ലകളിലുൾപ്പെടുന്ന CHC, താലൂക്ക് ഹോസ്പിറ്റൽ / താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, ജനറൽ ഹോസ്പിറ്റൽ, ജില്ലാ ഹോസ്പിറ്റൽ & പാലക്കാട് മെഡിക്കൽ കോളേജ്.

| | |
|---|---|
| 1 ) CHC - | 102- 2 വീതം - 204 പേർ |
| 2 ) താലൂക്ക് ഹോസ്പിറ്റൽ / താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ | 36 -1 വീതം -36 പേർ |
| 3 )ജനറൽ ഹോസ്പിറ്റൽ - | 4 -1 വീതം -4 പേർ |
| 4 ) ജില്ലാ ഹോസ്പിറ്റൽ - | 8 - 1 വീതം -8 പേർ |
| 5) പാലക്കാട് മെഡിക്കൽ കോളേജ് - | 1 - 48 പേർ -48 പേർ |
| | **ആകെ -300** |

**സേവന കാലാവധി**

നിയമന കാലാവധി 2 വർഷം ആയിരിക്കും.

- ജില്ലാതലത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന് 1 വർഷവും 6 മാസവും കാലാവധി ഉണ്ടായിരിക്കുന്നതും നിയമനം നടത്തിയതിനു ശേഷം ഉണ്ടാകുന്ന ഒഴിവുകളിൽ പ്രസ്തുത ലിസ്റ്റിൽ നിന്നും മുൻഗണനാ ക്രമത്തിൽ നിയമനം നടത്തേണ്ടതുമാണ്. എന്നാൽ 1 വർഷവും 6 മാസവും പിന്നിട്ട ശേഷം നിയമനങ്ങൾ നടത്തേണ്ടതില്ല .
- അപ്രന്റീസ് നഴ്സുമാരുടെ പ്രവർത്തന റിപ്പോർട്ട് എല്ലാമാസവും 5-ാം തീയതിക്കുള്ളിൽ അതത് ജില്ലാ ഓഫീസർക്ക് ലഭ്യമാക്കേണ്ടതാണ് .
- സേവന കാലയളവ് പൂർത്തിയാക്കുന്നവർക്ക് പ്രവൃത്തിപരിചയ സാക്ഷ്യപത്രം അതത് ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ / ആശുപത്രി സൂപ്രണ്ട് / സ്ഥാപന മേധാവി അനുവദിച്ച് നൽകേണ്ടതാണ്.
- നിയമിക്കപ്പെടുന്ന നഴ്സുമാർക്ക് ജില്ലാ പട്ടികജാതി വികസന ഓഫീസുകളിൽ നിന്നും തിരിച്ചറിയൽ കാർഡ് നൽകേണ്ടതാണ് .തിരിച്ചറിയൽ കാർഡിൽ സേവന കാലാവധി കൃത്യമായി രേഖപ്പെടുത്തേണ്ടതാണ് .

**സേവനവ്യവസ്ഥകൾ**

താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന നഴ്സുമാർ ആശുപത്രി സൂപ്രണ്ടിന് 200 രൂപ പത്രത്തിൽ കരാർ എഴുതി നൽകേണ്ടതാണ്. നിയമനം ലഭിക്കുന്നവർ താഴെ പറയുന്ന വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

1) ഇപ്രകാരം നിയമിക്കപ്പെടുന്ന നഴ്സുമാർക്ക് ഭാവിയിൽ സർക്കാർ നിയമനത്തിൽ പ്രത്യേക അവകാശങ്ങളൊന്നും ഉണ്ടായിരിക്കുന്നതല്ല.

2) സൂപ്രണ്ടിന്റെ നിർദ്ദേശാനുസരണം ആശുപത്രിയിൽ അച്ചടക്കം പാലിച്ച് കൊണ്ട് പകൽ / രാത്രി ഡ്യൂട്ടി ചെയ്യാൻ ബാധ്യസ്ഥരാണ്.

3)ഇപ്രകാരം നിയമിക്കപ്പെടുന്ന നഴ്സുമാർക്ക് നിയമിക്കപ്പെടുന്ന സ്ഥാപനത്തിലെ സൂപ്രണ്ട് / നഴ്സിംഗ് സൂപ്രണ്ട് ഒരു മാസത്തെ പ്രത്യേക പരിശീലനം നൽകുകയും, ശേഷം ടി സ്ഥാപനത്തിലെ എല്ലാ ഡിപ്പാർട്ടുമെന്റിലും നഴ്സിന്റെ ചുമതല നിർവഹിക്കുന്നതിന് നിയോഗിക്കേണ്ടതും, കാലയളവ് പൂർത്തിയാകുമ്പോൾ സ്ഥാപന മേധാവി experience certificate നൽകേണ്ടതുമാണ് .

4) നിയമിക്കപ്പെടുന്നവർ വെള്ള യൂണിഫോമിൽ (പെൺകുട്ടികൾക്ക് വെള്ള ചുരിദാർ & വെള്ള ഓവർ കോട്ട് , ആൺകുട്ടികൾക്ക് വെള്ള പാന്റ്, ഷർട്ട് & വെള്ള ഓവർ കോട്ട് ) സ്ഥാപനത്തിന്റെ ID കാർഡും ധരിക്കേണ്ടതാണ്.

5) ആശുപത്രി സൂപ്രണ്ട് /സ്ഥാപന മേധാവി ഓരോ മാസത്തെയും ഹാജർ Statement തൊട്ടടുത്ത മാസം അഞ്ചാം തീയതിക്കുള്ളിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നൽകേണ്ടതും ജില്ലാ ഓഫീസർ അത് പരിശോധിച്ച് പത്താം തീയതിക്കുള്ളിൽ ഹോണറേറിയം ട്രെയിനികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിച്ച് നൽകേണ്ടതുമാണ് .

6) നിയമിക്കപ്പെടുന്നവർക്ക് വീക്കിലി ഓഫിന് (weekly off) പുറമെ പ്രതിമാസം ഒരു ലീവ് എന്ന ക്രമത്തിൽ 12 ആകസ്മിക അവധി (casual leave) മാത്രം അനുവദിക്കാവുന്നതാണ് .

**അച്ചടക്ക നടപടികൾ**

അനധികൃതമായി സേവനത്തിന് ഹാജരാകാതിരിക്കുകയോ ചുമതലകളിൽ വീഴ്ച വരുത്തുകയോ ചെയ്യുന്ന പക്ഷം ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമനാധികാരിയായ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് പിരിച്ച് വിടുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിക്കാവുന്നതാണ് .

**പാരാമെഡിക്കൽ അപ്രന്റീസ്**

Directorate of Medical Education അംഗീകരിച്ച medical കോഴ്സുകൾ പാസായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതി യുവാക്കളെ പാരാമെഡിക്കൽ അപ്രന്റീസ് ആയി പാലക്കാട്, തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, മലപ്പുറം എന്നീ 5 ജില്ലകളിലുൾപ്പെടുന്ന താലൂക്ക് ഹോസ്പിറ്റൽ / താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, ജനറൽ ഹോസ്പിറ്റൽ, ജില്ലാ ഹോസ്പിറ്റൽ & പാലക്കാട് മെഡിക്കൽ കോളേജ് എന്നീ ആശുപത്രികളിൽ നിയമിക്കുന്നു.

| | |
|---|---|
| 1) താലൂക്ക് ഹോസ്പിറ്റൽ / താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ | 36 -ഒന്ന് വീതം 36 പേർ |
| 2) ജനറൽ ഹോസ്പിറ്റൽ | 4 -ഒന്ന് വീതം 4 പേർ |
| 3) ജില്ലാ ഹോസ്പിറ്റൽ | 8 -ഒന്ന് വീതം 8 പേർ |
| 4) പാലക്കാട് മെഡിക്കൽ കോളേജ് | 1- 52 പേർ - 52 പേർ |
| | **ആകെ 100** |

വിദ്യാഭ്യാസ യോഗ്യത - Directorate of Medical Education അംഗീകരിച്ച കോഴ്സുകൾ

പ്രായപരിധി - 21-35

ഓണറേറിയം - 12000/- പ്രതിമാസം

മേൽ പറഞ്ഞ പ്രകാരം നിയമിയ്ക്കപ്പെടുന്ന അപ്രന്റീസ് നഴ്സ്, പാരാമെഡിക്കൽ അപ്രന്റീസ് എന്നിവർക്ക് യൂണിഫോം അലവൻസ് ഇനത്തിൽ 2000/- രൂപ അനുവദിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സ്വപ്ന.എം
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ( എ & ഇ / ജി & എസ്.എസ്.എ),കേരള,
തിരുവനന്തപുരം
ചീഫ് , വികേന്ദ്രീകൃത ആസൂത്രണ വിഭാഗം , പ്ലാനിംഗ് ബോർഡ്
,തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sreelekha. G.
Date: 06-03-2024 17:07:55

പകർപ്പ് :-പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ പി. എസ്. ന്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി. എ. ക്ക്
സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. ക്ക്